I ഇ.ബി. XIV - കേരള നിയമസഭ/II-10

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ഒക്ടോബർ 18, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

സ്വാഭാവിക റബ്ബറിന്റെ വിലയിടിവ്

മി. സ്പീക്കർ : സ്വാഭാവിക റബ്ബറിന്റെ വിലയിടിവുമൂലം കേരളത്തിലെ 1.2 മില്യൻ റബ്ബർ കർഷകരുടെയും തൊഴിലാളികളുടെയും ജീവിതം ദുരിതത്തിലായിരിക്കുകയാണ്. ഇതുമൂലം സംസ്ഥാനത്തിന്റെ സമ്പദ്ഘടന താറുമാറായിരിക്കുകയാണ്. റബ്ബർ, നാളികേരം തുടങ്ങിയ നാണ്യവിളകളുടെയും

നെൽകൃഷി ഉൾപ്പെടുന്ന കാർഷിക മേഖലയിലെയും കർഷകർ അനുഭവിക്കുന്നതായി പറയപ്പെടുന്ന ദുരിതങ്ങൾ പൊതുപ്രാധാന്യമർഹിക്കുന്നതും അടിയന്തര സ്വഭാവത്തോടുകൂടിയതും നിയതവുമായതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് റൂൾ 50 പ്രകാരം ശ്രീ. കെ. എം. മാണി നോട്ടീസ് നൽകിയിട്ടുണ്ട്. വിശദീകരണക്കുറിപ്പിൽ ഒന്നിലധികം വിഷയങ്ങൾ പരാമർശിച്ചിട്ടുണ്ടെങ്കിലും അടിയന്തര പ്രമേയത്തിൽ ഒരു വിഷയം കേന്ദ്രീകരിച്ച് മാത്രമേ ചർച്ച ചെയ്യാൻ സാധ്യതയുള്ളൂ എന്നുള്ളതുകൊണ്ട് ഈ വിഷയം അനുവദിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): റബ്ബർ വിലത്തകർച്ചമൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് 2015-16 സാമ്പത്തിക വർഷത്തിൽ 300 കോടി രൂപയും 2016-17-ൽ 500 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 03.10.2016 വരെ പദ്ധതിയിനത്തിൽ 284.41 കോടി രൂപ സബ്സിഡിയായി നൽകിയതുവഴി നാളിതുവരെ 298295 റബ്ബർ കർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ രജിസ്റ്റർ ചെയ്യാത്ത റബ്ബർ കർഷകർക്കും രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ രാജ്യങ്ങളുമായി കേന്ദ്ര സർക്കാർ ഏർപ്പെടുന്ന വാണിജ്യ കരാറുകളിൽ റബ്ബർ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളെ സംരക്ഷിക്കുന്ന

നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആർ.സി.ഇ.പി. കരാർ നിലവിൽ വന്നാൽ റബ്ബർ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്ക് ഇറക്കുമതി വിലത്തകർച്ച ഉണ്ടാകാനുള്ള സാധ്യത മുന്നിൽക്കണ്ടുകൊണ്ട് കരാറിൽ റബ്ബർ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനവും നൽകിയിട്ടുണ്ട്. അഡ്വാൻസ് ലൈസൻസ് ആതറൈസേഷൻ പദ്ധതിപ്രകാരമുള്ള റബ്ബർ ഇറക്കുമതി നിർത്തണമെന്നും സ്വാഭാവിക റബ്ബർ ഇറക്കുമതി തീരുവ റബ്ബർ ലാറ്റക്സിലെ ഇറക്കുമതി ചുങ്കവുമായി 70%-ന് ഒപ്പമാക്കണമെന്നും Make in India പദ്ധതിയിൽ റബ്ബർ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. റോഡ് റബ്ബറൈസേഷൻ പദ്ധതിയിൽ സ്വാഭാവിക റബ്ബർ ഉൾപ്പെടുത്തണമെന്ന കാര്യം പരിഗണിക്കുന്നതിന് കേന്ദ്ര ഗതാഗത മന്ത്രാലയത്തിന് നിർദ്ദേശം നൽകുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. റബ്ബറിന്റെ വിലത്തകർച്ചയിൽനിന്നും കർഷകരെ സഹായിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച പദ്ധതി വിലയിരുത്തുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുമായി ബന്ധപ്പെട്ടവരുടെ യോഗം ചേരാൻ ഉദ്ദേശിക്കുന്നതായി മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. 2008-09-ലെ എൽ.ഡി.എഫ്. സർക്കാർ രൂപം നൽകിയ 'കിസാൻ അഭിമാൻ' പെൻഷൻ പദ്ധതിയിൽ 2011-ലെ യു.ഡി.എഫ്. സർക്കാർ പുനരവലോകനം ചെയ്ത് ഒരു ഹെക്ടറോ അതിൽ താഴെയോ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ

പെൻഷൻ അനുവദിക്കാൻ തീരുമാനിച്ചു. പെൻഷൻ അർഹരുടെ മാനദണ്ഡം നിശ്ചയിക്കുന്ന ലിസ്റ്റ് തയ്യാറാക്കുന്നതിൽ ധാരാളം അപാകതയുള്ളതായി ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വിശദമായ പരിശോധന നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മുൻ സർക്കാർ നൽകാനുണ്ടായിരുന്ന പെൻഷൻ കുടിശ്ശികയിൽ തിരുവനന്തപുരം ജില്ല ഒഴികെയുള്ള മറ്റെല്ലാ ജില്ലകളിലും ഓണത്തിനുമുമ്പായി, അതായത് 2016 ജൂൺ മാസം വരെയുള്ള കുടിശ്ശിക പൂർണ്ണമായും നൽകുകയുണ്ടായി. വർദ്ധിപ്പിച്ച പെൻഷൻ തുകയായ 1000 രൂപ പ്രകാരം 37.895 കോടി രൂപ ഓണത്തിനുമുമ്പ് ജില്ലകൾക്ക് കൈമാറിയിട്ടുണ്ട്. പെൻഷൻ വിതരണത്തിലെ അപാകത പരിഹരിച്ച ലിസ്റ്റ് ലഭിച്ചാലുടൻ കുടിശ്ശിക പൂർണ്ണമായും നൽകാൻ ഗവൺമെന്റ് തയ്യാറാണ്. ചെറുകിട കൃഷിക്കാർക്ക് കുടിശ്ശികയില്ലാതെ പെൻഷൻ കൊടുക്കുന്ന കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഊർജ്ജിത നടപടികൾ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാർ അനുവർത്തിക്കുന്ന നയങ്ങൾ റബ്ബർ കൃഷിക്കാരെ ഗുരുതരമായി ബാധിക്കുന്ന പശ്ചാത്തലത്തിൽ 500 കോടി രൂപ വകയിരുത്തുകയും 283 കോടി രൂപ ഇതിനകം കൃഷിക്കാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. കെ. എം. മാണി</u> : കേന്ദ്ര സർക്കാരിനെ എല്ലാ വിവരങ്ങളും അറിയിച്ചിട്ടുണ്ടെന്നും ഓണത്തിനുമുമ്പ് എല്ലാവർക്കും പെൻഷൻ നൽകിയെന്നുമാണ് മന്ത്രി മറുപടിയിൽ പറഞ്ഞത്. പക്ഷേ കർഷകർക്ക് മാത്രം ഓണത്തിനുമുമ്പ് പെൻഷൻ ലഭിക്കാത്തതിന്റെ കാരണം മന്ത്രി വ്യക്തമാക്കണം. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം സംസ്ഥാനത്തെ കൃഷിക്കാർ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. റബ്ബർ, നാളികേരം തുടങ്ങിയ നാണ്യവിളകളുടെയും നെല്ല് ഉൾപ്പെടെയുള്ള കാർഷിക വിളകളുടെയും വിലത്തകർച്ച പിടിച്ചുനിർത്താൻ കഴിയുന്നില്ലെങ്കിൽ കാർഷിക സമ്പദ്‌വ്യവസ്ഥ തകർച്ചയിലേയ്ക്ക് നീങ്ങും. സംഘടിതരായ ടയർ നിർമ്മാതാക്കൾ, റബ്ബർ വ്യവസായികൾ എന്നിവരുമായുള്ള മത്സരത്തിൽ തകരുന്ന അസംഘടിതരായ റബ്ബർ കർഷകരെ സഹായിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വില സ്ഥിരതാഫണ്ട് പ്രകാരം ഒരു കിലോഗ്രാം റബ്ബറിന് 150 രൂപ മിനിമം വിലയായി നിശ്ചയിച്ചു. ഈ മിനിമം വില കിട്ടുന്നില്ലെങ്കിൽ കമ്പോള വിലയും പ്രഖ്യാപിത വിലയും തമ്മിലുള്ള വ്യത്യാസം ഗവൺമെന്റ് നികത്തിക്കൊടുക്കുമെന്നാണ് അന്നത്തെ സർക്കാർ പ്രഖ്യാപിച്ചത്. ഈ സ്കീം നിലച്ചതായാണ് മനസ്സിലാക്കുന്നത്. റബ്ബർ കൃഷിക്കാരെ സഹായിക്കാൻ ക്രിയാത്മക പദ്ധതി നടപ്പിലാക്കണം. നാളികേരത്തിന്റെ വില ഇടിഞ്ഞതുകാരണം

നാളികേര സംഭരണം അവതാളത്തിലായിരിക്കുകയാണ്. ഒരു കർഷകന് 10 ക്വിന്റൽ തേങ്ങ കൃഷിഭവൻ മുഖേന വിൽക്കാമായിരുന്നതിന്റെ പരിധി നാല് ക്വിന്റലായി കുറച്ചിരിക്കുകയാണ്. കൃഷിയിടത്തിൽവച്ചുതന്നെ നെല്ലിന് വില കിട്ടുന്ന സജ്ജീകരണമുണ്ടാക്കുകയും വിപണിയിൽ സർക്കാർ കൃത്യമായി ഇടപെടുകയും കമ്പോള വില താഴോട്ട് പോകുമ്പോൾ കൃഷിക്കാരുടെ വിഭവങ്ങൾ ന്യായവിലയ്ക്ക് എടുക്കുന്നതിനുമുള്ള നടപടിയുണ്ടാകണം. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിന് അടിയന്തര പരിഹാരമുണ്ടാക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ :</u> പന്ത്രണ്ട് ലക്ഷത്തോളം വരുന്ന റബ്ബർ കൃഷിക്കാരുടെ പ്രശ്നങ്ങൾ ഗവൺമെന്റ് ഗൗരവമായിത്തന്നെ കാണുകയും അതിനുവേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. റബ്ബറധിഷ്ഠിത വ്യവസായികൾ സംഘടിതരായതിനാൽ റബ്ബറിന്റെ വില കുറഞ്ഞാലും ടയറിന്റെ വില കുറയുന്നില്ല. ആർ.സി.ഇ.പി. കരാർ ഒപ്പുവയ്ക്കുന്നതിനെതിരായി ശക്തമായ നിലപാട് ഗവൺമെന്റ് എടുത്തിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റുകളുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം മാത്രമേ കമ്മോഡിറ്റി കാരക്കുർ നിശ്ചയിക്കുന്ന കരാറിൽ ഒപ്പുവയ്ക്കാൻ പാടുള്ളൂവെന്ന് കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ തീരുമാനങ്ങളാണ് റബ്ബറടക്കമുള്ള മേഖലകളിൽ

ഗുരുതരമായ പ്രതിസന്ധിയുണ്ടാക്കുന്നത്. വിലസ്ഥിരതാ ഫണ്ടിനായി യു.ഡി.എഫ്. ഗവൺമെന്റ് ബഡ്ജറ്റിൽ 500 കോടി രൂപ ഉൾക്കൊള്ളിച്ചിരുന്നുവെങ്കിലും 50 കോടി രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. ഈ ഗവൺമെന്റ് 254 കോടി രൂപ കൊടുക്കുകയും രണ്ടാം ഘട്ട രജിസ്റ്റർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. റബ്ബർ, തേങ്ങ സംഭരണവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള അഴിമതികൾ പുറത്തുകൊണ്ടുവരുന്നതിനും കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ റബ്ബറധിഷ്ഠിത വ്യവസായം ആരംഭിച്ചുകൊണ്ട് റബ്ബർ കൃഷിക്കാർക്ക് സുസ്ഥിരമായ സംരക്ഷണം നൽകാനുമാവശ്യമായ നടപടി സ്വീകരിക്കും. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ വർഷം അൻപതിനായിരം ടൺ റബ്ബറധിഷ്ഠിത ബിറ്റുമിന് ഓർഡർ കൊടുത്തിരിക്കുന്നതുവഴി റബ്ബറിന് വലിയ ഡിമാന്റ് വരാൻ പോകുകയാണ്. റബ്ബറധിഷ്ഠിത റോഡിന്റെ കാര്യത്തിൽ പ്രധാനമന്ത്രിയുമായി ചർച്ച നടത്തുകയും അതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയുമാണ്. നാളികേര സംഭരണത്തിന്റെ കാര്യത്തിൽ നിലനിൽക്കുന്ന അഴിമതി വിജിലൻസ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 59 കോടി രൂപ കുടിശ്ശികയിനത്തിൽ കൊടുത്തിട്ടുണ്ട്. കേരഫെഡിന്റേയും നാഫെഡിന്റേയും മാർക്കറ്റ് ഫെഡിന്റേയും എം.ഡി.-മാരെ ചുമതലപ്പെടുത്തി നാളികേര സംഭരണത്തിലെ അപാകതകൾ പരിഹരിക്കുന്നതാണ്.

നെല്ലിന്റെ സംഭരണ വില പൂർണ്ണമായും കൊടുത്തുകഴിഞ്ഞു. കൃഷിക്കാരുടെ പെൻഷൻ കുടിശ്ശികയായ 113 കോടി രൂപ കൊടുത്തിട്ടുണ്ട്. കാർഷികമേഖലയിൽ ഉണ്ടാകുന്ന അപാകതകൾ പരിഹരിച്ച് കൃഷിക്കാരെ സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല, സർവ്വശ്രീ പി. കെ. കുഞ്ഞാലിക്കുട്ടി, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കളും നെല്ല്-റബ്ബർ-നാളികേര കർഷകർ അനുഭവിക്കുന്ന ദുരിതങ്ങൾ പരിഹരിക്കാനും കർഷക പെൻഷൻ യഥാസമയം നൽകാനും യാതൊരു നടപടിയും സ്വീകരിക്കാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോയി.)

(യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ച കർഷകദ്രോഹ നിലപാടുകൾക്കും എൻ.ഡി.എ. ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന കർഷകവിരുദ്ധ നയങ്ങൾക്കുമെതിരെ ശ്രീ. പി. സി. ജോർജ് പ്രസ്താവന നടത്തിയ ശേഷം സഭയിൽനിന്നും പുറത്തുപോയി.)

(പുറത്തുപോയ സഭാംഗങ്ങൾ അൽപ്പസമയത്തിനുശേഷം തിരികെ ഹാജരായി.)

## II ശ്രദ്ധ ക്ഷണിക്കൽ

### (1) നിർമ്മാണ പ്രവർത്തനങ്ങൾക്കും മരം മുറിക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം

ശ്രീ. എസ്. രാജേന്ദ്രൻ: ഇടുക്കി ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിയന്ത്രണമേർപ്പെടുത്തിയിരിക്കുന്നതുമൂലം ജനങ്ങൾ വളരെ ബുദ്ധിമുട്ടനുഭവിക്കുകയാണ്. 30 വർഷം മുമ്പ് പണിചെയ്ത കെട്ടിടങ്ങളിൽപ്പോലും പ്ലംബിംഗ്, സാനിറ്റേഷൻ, മെയിന്റനൻസ് എന്നിവ ചെയ്യാൻ സാധിക്കുന്നില്ല. നിയമവിരുദ്ധമായി ചില ഐ.എ.എസ്. ഉദ്യോഗസ്ഥർ നൽകിയിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇടുക്കി ജില്ലയിലെ 8 വില്ലേജുകളിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനും മരം മുറിക്കുന്നതിനും നിയന്ത്രണമേർപ്പെടുത്തിയിരിക്കുന്നത്. ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും നിയമവിരുദ്ധ ഉത്തരവുകൾ പിൻവലിക്കുന്നതിനും ഭൂമിക്ക് പട്ടയം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഇടുക്കി ജില്ലയിലെ മൂന്നാർ മേഖലയിലെ റവന്യൂ ഭൂമിയിലും വനഭൂമിയിലും ചട്ടവിരുദ്ധമായി

നടന്നുവരുന്ന നിരവധി നിർമ്മാണപ്രവർത്തനങ്ങൾ പരിസ്ഥിതിയേയും ഭൂപ്രകൃതിയേയും ഗുരുതരമായി ബാധിക്കുന്നതിനാൽ റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ കെട്ടിടനിർമ്മാണം നടക്കുന്നില്ലെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. എൻ.ഒ.സി. ഇല്ലാത്ത എല്ലാ നിർമ്മാണപ്രവൃത്തികളും ദേവികുളം ആർ.ഡി.ഒ. നിർത്തിവയ്പിച്ചു. 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരവും 1993-ലെ വനഭൂമി കുടിയേറ്റ ക്രമീകരിക്കൽ പ്രത്യേക ചട്ടപ്രകാരവുമാണ് ഇടുക്കി ജില്ലയിൽ ഭൂമി പതിച്ച് നൽകുന്നത്. എന്നാൽ തൊട്ടടുത്തുള്ള പട്ടയവസ്തുവിന്റെ ഗുണപരമായ ഉപയോഗത്തിന് ഭൂമി പതിച്ച് നൽകാൻ ഈ ചട്ടത്തിൽ വ്യവസ്ഥയില്ല. വ്യവസ്ഥകളും ചട്ടങ്ങളും ലംഘിച്ചുകൊണ്ടുള്ള റിസോർട്ടുകളുടെയും ഹോട്ടലുകളുടെയും ബഹുനില വ്യാപാര സമുച്ചയങ്ങളുടെയും നിർമ്മാണപ്രവർത്തനങ്ങൾ ഭാവിയിൽ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്കിടയാക്കുമെന്ന ആക്ഷേപവും ഉയർന്നുവന്നിരിക്കുകയാണ്. കുത്തകപാട്ട വ്യവസ്ഥയിൽ ഏലം കൃഷി ചെയ്യാൻ നൽകിയ ഭൂമിയിൽപ്പോലും ബഹുനില മന്ദിരങ്ങൾ നിർമ്മിച്ചുവരുന്നു. 21.01.2010-ലെ ഡിവിഷൻ ബെഞ്ചിന്റെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ കെട്ടിടനിർമ്മാണത്തിനുള്ള എൻ.ഒ.സി. നൽകിവരുന്നത്. വനേതര പ്രദേശങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ പ്രോത്സാഹന ആക്ട്, 2005 പ്രകാരം വിജ്ഞാപനം

ചെയ്തിട്ടുള്ള വില്ലേജുകളിലെ ഭൂമിയിൽനിന്നും മരങ്ങൾ മുറിക്കുന്നത് നിരോധിച്ചിട്ടുള്ളതും മറ്റ് പ്രദേശങ്ങളിലെ മരങ്ങൾ മുറിക്കുന്നതിന് നിയമതടസ്സമില്ലാത്തതുമാണ്. ഇടുക്കി ദേവികുളം താലൂക്കിലെ വില്ലേജുകളുടെ എല്ലാ തണ്ടപ്പേരുകളുടെയും കൃത്യത സംബന്ധിച്ച് പരിശോധന നടത്തുന്നതിനും പരിശോധന പൂർത്തിയാകുന്നതുവരെ ഈ വില്ലേജുകളുടെ എല്ലാ പ്രദേശത്തുനിന്നും ഗ്രാന്റീസ് മരം മുറിച്ചുമാറ്റുന്നത് സ്റ്റേ ചെയ്യുന്നതിനും ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിനെതിരെ കേസ് നിലനിൽക്കുന്നതിനാൽ ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്തിരിക്കുകയാണ്. ആയതിനാൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുടെ സാന്നിദ്ധ്യത്തിൽ ഈ വിഷയം ചർച്ച ചെയ്യാവുന്നതാണ്.

(2) വയോജനക്ഷേമം

ഡോ. എം. കെ. മുനീർ: വീടുകളിലും സ്വകാര്യ വൃദ്ധസദനങ്ങളിലും വൃദ്ധകൾ പീഡിപ്പിക്കപ്പെടുകയാണ്. വയോജനങ്ങൾക്കെതിരെ നടക്കുന്ന പീഡനം ഒരിക്കലും അനുവദിക്കാൻ പാടുള്ളതല്ല. ഇതുമായി ബന്ധപ്പെട്ട് ആർ.ഡി.ഒ.-മാർക്ക് ലഭിക്കുന്ന പരാതികൾ പലപ്പോഴും പരിശോധിക്കാറില്ല. പരാതിക്കാർ മരിച്ചതിനുശേഷമാണ് പലപ്പോഴും ഹിയറിംഗിന് വിളിക്കാറുള്ളത്. ഇത്തരം കേസ്സുകൾ പെന്റിംഗിൽ വച്ചിട്ടുള്ള ആർ.ഡി.ഒ.-മാർക്കെതിരെ കർശന നടപടി സ്വീകരിക്കണം. ആർ.ഡി.ഒ.-മാർക്ക് സൗകര്യമില്ലെങ്കിൽ ഹിയറിംഗ് നടത്തി തീർപ്പുകൽപ്പിക്കാൻ മറ്റേതെങ്കിലും

ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണം. സ്വകാര്യ വൃദ്ധസദനങ്ങളുടെ പ്രവർത്തനം കർശനമായ പരിശോധനയ്ക്ക് വിധേയമാക്കണം. വയോജന നയം പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിന് വാർഡുതല ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : വയോജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിച്ച വയോജന നയം ശരിയായ രീതിയിൽ പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടില്ല. 2008-ൽ മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും ക്ഷേമത്തിനും പരിരക്ഷയ്ക്കുമായി നിയമം പാസാക്കുകയും ചട്ടം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ കീഴിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരുടെ കീഴിൽ അപ്പലേറ്റ് ട്രൈബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ബന്ധപ്പെട്ട നിയമത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് എഫ്.എം. റേഡിയോ വഴി പരസ്യം നൽകുകയും വയോജന ദിനത്തോടനുബന്ധിച്ച് എല്ലാ വർഷവും ബോധവൽക്കരണ

പരിപാടികൾ നടത്തുകയും ചെയ്യുന്നുണ്ട്. മക്കളിൽ നിന്നും പരിരക്ഷ ലഭിക്കാത്ത മാതാപിതാക്കൾക്ക് സ്വമേധയോ അവർ അധികാരപ്പെടുത്തിയിട്ടുള്ള സംഘടന വഴിയോ ട്രൈബ്യൂണലിന് പരാതി നൽകാവുന്നതാണ്. വയോജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി ആഭ്യന്തര വകുപ്പ് വയോജന സുരക്ഷാ പദ്ധതി ആരംഭിക്കുന്നതാണ്. വയോജനങ്ങളുടെ പരാതികളും നിവേദനങ്ങളും ഓൺലൈനായി സ്വീകരിക്കുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനും കേരള പോലീസിനുകീഴിൽ എൽഡർ ലൈൻ നെറ്റ് വർക്ക് വഴി പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. വൃദ്ധജനങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ഓർഫനേജ് കൺട്രോൾ ബോർഡും സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള 16 വൃദ്ധസദനങ്ങളുൾപ്പെടെ സംസ്ഥാനത്ത് 577 വൃദ്ധസദനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏതാണ്ട് 17,237-ലധികം വൃദ്ധജനങ്ങളെ ഈ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള വൃദ്ധസദനങ്ങളിൽ നിന്നും ലൈംഗിക ചൂഷണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെങ്കിലും സ്വകാര്യ വൃദ്ധസദനങ്ങളിൽ അത്തരത്തിലുള്ള ചൂഷണം നടക്കുന്നുണ്ടെന്ന കാര്യം നിഷേധിക്കാനാവില്ല. സ്വന്തം ഭവനങ്ങളിൽപ്പോലും വൃദ്ധജനങ്ങൾ കുടുംബാംഗങ്ങളുടെയും സാമൂഹ്യവിരുദ്ധരുടെയും ആക്രമണങ്ങൾക്ക് വിധേയരാകാറുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം

സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക മീറ്റിംഗുകൾ വിളിച്ചുകൂട്ടുകയും വയോജനങ്ങൾക്കുവേണ്ടി ചെയ്യാൻ കഴിയുന്ന കാര്യങ്ങളെ സംബന്ധിച്ച് പ്രത്യേകം പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. വയോജനങ്ങളുടെ ക്ഷേമത്തിനായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ നേതൃത്വത്തിൽ ചില പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. വയോജനങ്ങളുടെ രോഗപ്രതിരോധത്തിനും ചികിത്സയ്ക്കുമായി എല്ലാ മുനിസിപ്പാലിറ്റികളിലും വയോമിത്രം പ്രോജക്ട് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആശുപത്രികളെ വയോജന സൗഹൃദമാക്കുന്നതിനും എല്ലാ ജില്ലാ ആശുപത്രികളിലും ജെറിയാട്രിക് വാർഡുകൾ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. അവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒരു പ്രത്യേക സംഘത്തെ ഗവൺമെന്റ് നിയമിച്ചിട്ടുണ്ട്. സ്വകാര്യ വൃദ്ധസദനങ്ങളെ നിയന്ത്രിക്കുന്നതിനും ആവശ്യമായ പരിശോധന നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കുറ്റകരമായ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. ഗവൺമെന്റ് ഉടമസ്ഥതയിലുള്ള വൃദ്ധസദനങ്ങളെ ആധുനികവത്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജാഗ്രതാ സമിതികൾ രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സ്വകാര്യ വൃദ്ധസദനങ്ങളെ സംബന്ധിച്ച് സാമൂഹ്യനീതിവകുപ്പ് കൈകാര്യം ചെയ്തിരുന്ന മുൻമന്ത്രി കൂടിയായ ബഹു. അംഗം പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവത്തോടുകൂടി കാണുകയാണ്. ഇതു സംബന്ധിച്ച് പരിശോധിക്കുന്നതിന് ഉന്നതതല അന്വേഷണ സംവിധാനം ഏർപ്പെടുത്തുന്നതാണ്.

## III സബ്മിഷൻ

### (1) വ്യവസായശാലകൾ നേരിടുന്ന പ്രതിസന്ധികൾ

ശ്രീ. ജോൺ ഫെർണാണ്ടസ്: പ്രതിസന്ധി നേരിടുന്ന എറണാകുളം ജില്ലയിലെ കേന്ദ്ര-സംസ്ഥാന സ്വകാര്യ വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രവർത്തനമൂലധനത്തിന്റെ അപര്യാപ്തതയും അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യവും വർദ്ധിച്ചുവരുന്ന ഉല്പാദനച്ചെലവും എറണാകുളം ജില്ലയിലെ വ്യവസായ സ്ഥാപനങ്ങളുടെ പ്രതിസന്ധിക്ക് കാരണമാകുന്നുണ്ട്. വ്യവസായശാലകൾമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കും, എന്നാൽ തെറ്റായ പ്രചരണങ്ങൾ നടത്തി വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനുള്ള നീക്കം

സർക്കാർ അനുവദിക്കില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ നയപരമായി പരിഹരിക്കേണ്ടവയാണ്.

## (2) പി.എസ്.സി. നിയമനങ്ങളിൽ വിധവകൾക്ക് സംവരണം

ശ്രീ. ആർ. രാജേഷ്: പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ വിധവകൾക്ക് സംവരണം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നിലവിലുള്ള ചട്ടങ്ങളനുസരിച്ച് പി.എസ്.സി. വഴിയുള്ള നിയമനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ഒ.ബി.സി. വിഭാഗങ്ങൾക്കും ജാതിസംവരണവും അംഗപരിമിതർക്ക് മൂന്ന് ശതമാനം സംവരണവുമാണ് അനുവദിച്ചിട്ടുള്ളത്. വിധവകൾക്ക് പ്രത്യേക സംവരണം നൽകുന്നതിന് നയപരമായ തീരുമാനമുണ്ടായിട്ടില്ല. സർക്കാർ സർവ്വീസിലെ നിയമനങ്ങളിൽ വിധവകൾക്ക് പ്രായപരിധിയിൽ അഞ്ചുവർഷത്തെ ഇളവനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## (3) പ്രതികളെ അറസ്റ്റ് ചെയ്യൽ

ശ്രീ. വി. ടി. ബൽറാം: ചെരുപ്പൂരിൽ മാനസിക രോഗിയായ സ്ത്രീയെ പീഡിപ്പിച്ച കേസ്സിലെ മുഴുവൻ പ്രതികളേയും അറസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പാലക്കാട് ജില്ലയിലെ ചെരുപ്പൂരിൽ മാനസികരോഗിയായ സ്ത്രീയെ പീഡിപ്പിച്ച സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും 7 പ്രതികളെ അറസ്റ്റ് ചെയ്ത് ഒറ്റപ്പാലം സബ്ജയിലിൽ റിമാന്റ് ചെയ്തിരിക്കുകയുമാണ്. കേസ് അന്വേഷിക്കുന്നതിന് പട്ടാമ്പി സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രതികളെ കണ്ടെത്തുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

(4) ചികിത്സാ ധനസഹായം

ശ്രീ. ടി. വി. ഇബ്രാഹിം: മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായം അഭ്യർത്ഥിച്ച് സമർപ്പിച്ച അപേക്ഷകളിന്മേൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അഭ്യർത്ഥിച്ച് മുൻസർക്കാരിന്റെ കാലത്ത് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനുശേഷവും ലഭിച്ച അപേക്ഷകൾ പരിശോധിച്ച് തുക അനുവദിച്ചുവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി ജില്ലാകളക്ടർമാർ നൽകിയിരുന്ന 2000 രൂപ 10000 രൂപയായും റവന്യൂ വകുപ്പുമന്ത്രി നൽകിയിരുന്ന

5000 രൂപ 25000 രൂപയായും മുഖ്യമന്ത്രി നൽകിയിരുന്ന ഒരു ലക്ഷം രൂപ 3 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ദുരിതാശ്വാസ സഹായധനം എത്രയുംവേഗം ലഭ്യമാക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. ധനസഹായം ലഭ്യമാക്കുന്നതിൽ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ പരിഹരിക്കുന്നതാണ്.

(5) 'ഓണംകളി ' പ്രോത്സാഹിപ്പിക്കൽ

ശ്രീ. ബി. ഡി. ദേവസ്സി: പ്രാചീനകലയായ 'ഓണംകളി' പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതോടൊപ്പം നിർദ്ദിഷ്ട കലാഭവൻമണി സ്മാരകത്തെ നാടൻപാട്ടുകളുടെ ഗവേഷണ പഠന കേന്ദ്രമാക്കി മാറ്റുന്നതിനും അദ്ദേഹത്തിന്റെ പേരിൽ ഓണംകളിക്ക് പുരസ്കാരം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സംസ്ഥാനത്ത് അന്യംനിന്നുപോകുന്ന 'ഓണംകളി' പ്രോത്സാഹിപ്പിക്കുന്നതിന് കേരള ഫോക്‌ലോർ അക്കാദമി മുഖേന പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്. ഓണംകളിക്ക് ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

കലാഭവൻമണി സ്മാരകം ഫോക്‌ലോർ അക്കാദമിക്കുകീഴിൽ ഒരു ഉപകേന്ദ്രമാക്കി മാറ്റുന്നതിനും കലാഭവൻ മണിയുടെ പേരിൽ സംസ്ഥാനതല 'ഓണംകളി' മത്സരം നടത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

(6) മാന്വൽ ഡ്രഡ്ജിംഗ്

ശ്രീ. വി. കെ. സി. മമ്മത് കോയ: സഹകരണ സംഘങ്ങൾക്ക് തുറമുഖങ്ങളിലെ മണൽ നീക്കുന്നതിനുള്ള മാന്വൽ ഡ്രഡ്ജിംഗിന് അനുവാദം നൽകുന്നതിന് നടപടി സ്വീകരിക്കണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): മണൽ മാഫിയാ സംഘങ്ങളുടെ കടന്നുകയറ്റം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. മെക്കാനിക്കൽ, മാന്വൽ എന്നിങ്ങനെ രണ്ടുതരത്തിലാണ് ഡ്രഡ്ജിംഗ് നടത്തുന്നത്. മാന്വൽ ഡ്രഡ്ജിംഗ് നടത്തുമ്പോൾ സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് സാമ്പത്തിക വരുമാനം ലഭിക്കും. മാന്വൽ ഡ്രഡ്ജിംഗിനെയും ഡ്രഡ്ജ് ചെയ്ത പദാർത്ഥങ്ങളുടെ വിതരണത്തെയും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ ഡ്രഡ്ജിംഗിന് പരിഗണിക്കുന്നതിനായി വകുപ്പുതലയോഗംചേർന്ന് നയരൂപീകരണത്തിന് അന്തിമതീരുമാനം എടുക്കുന്നതാണ്.

## (7) സർക്കാർ ഗേൾസ് ചിൽഡ്രൻസ് ഹോമിന്റെ പ്രവർത്തനം

ശ്രീ. പി. ടി. തോമസ്: കാക്കനാട് സർക്കാർ ഗേൾസ് ചിൽഡ്രൻസ് ഹോമിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജീവനക്കാർക്ക് ഇൻ-സർവ്വീസ് കോഴ്സ് നൽകുന്നതിനും ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയവും സംസ്ഥാന സാമൂഹ്യനീതി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതി പ്രകാരമാണ് കാക്കനാട് ഗേൾസ് ചിൽഡ്രൻസ് ഹോം പ്രവർത്തിക്കുന്നത്. ഇവിടത്തെ അന്തേവാസികളുടെ ദൈനംദിന ചെലവുകൾക്കുള്ള തുക 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ അനുവദിക്കുന്നുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസം, വൈദ്യസഹായം എന്നിവയ്ക്കുള്ള ചെലവുകൾ സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നതു കൂടാതെ ഡീ-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ പദ്ധതിപ്രകാരം കുട്ടികളുടെ ചെലവുകൾക്കുള്ള തുക ഐ.സി.പി.എസ്.-ന്റെ സംസ്ഥാന ഫണ്ടിൽ നിന്നും അനുവദിക്കുന്നുണ്ട്. ഇവിടത്തെ അന്തേവാസികൾക്ക് കൗൺസിലിംഗ് നൽകുന്നതിനായി പാർട്ട്ടൈം സൈക്കോളജിസ്റ്റിന്റെയും

കൗൺസിലറുടെയും സേവനം ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിക്കുകയും ചിൽഡ്രൻസ് ഹോമിലെ അന്തേവാസികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തുടനീളമുള്ള ചിൽഡ്രൻസ് ഹോമുകളിൽ സൂപ്രണ്ടിന്റെയും ഡെപ്യൂട്ടി സൂപ്രണ്ടിന്റെയും ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

## (8) ടോൾ പിരിവ്

ശ്രീ. അനൂപ് ജേക്കബ്: ചിത്രപ്പുഴ പാലത്തിന്റെയും ഇരുമ്പനം റെയിൽവേ ഓവർ ബ്രിഡ്ജിന്റേയും ടോൾ പിരിവ് പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കൊച്ചി-മധുര ദേശീയ പാതയിൽ എസ്.എൻ. ജംഗ്ഷനിലെയും ഇരുമ്പനത്തെയും റെയിൽവേ മേൽപ്പാലം, എയർപോർട്ട്-സീപോർട്ട് റോഡ് എന്നിവ റോഡ് ഫണ്ട് ആക്ട് പ്രകാരം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പണം കടമെടുത്താണ് നിർമ്മിച്ചിട്ടുള്ളത്. 34.27 കോടി രൂപ ചെലവായ റെയിൽവേ മേൽപ്പാലത്തിന്റെയും റോഡിന്റെയും ടോൾ കാലാവധി 15 വർഷമാണ്.

ഇവിടത്തെ ടോൾ പിരിവുമായി ബന്ധപ്പെട്ട കരാറിലെ വ്യവസ്ഥകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തുന്നതാണ്. 2016 ഒക്ടോബർ 31-ഓടുകൂടി ടോൾ പിരിവ് നിർത്തലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(9) പ്ലസ്ടു സ്കൂളുകൾ അനുവദിക്കൽ

ശ്രീ. സി. ദിവാകരൻ: നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ കൂടുതൽ പ്ലസ്ടു സ്കൂളുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ഈ അദ്ധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശന നടപടികൾ പൂർത്തിയായപ്പോൾ നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 282 സീറ്റുകളാണ് ഒഴിഞ്ഞുകിടന്നത്. പ്ലസ് വൺ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഓപ്പൺ സ്കൂൾ മുഖാന്തിരം പഠനത്തിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. വിവിധ കോടതി വിധികളുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണക്കാക്കിയശേഷം പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകളോ ബാച്ചുകളോ അനുവദിക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനമെടുക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ

മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI ധനകാര്യം

2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജലവിതരണവും ശുചീകരണവും (587,21,96,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം (305,10,81,000 രൂപ)

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം

നമ്പർ ധനാഭ്യർത്ഥനയെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.)

ശ്രീ. സി. കെ. ശശീന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മഴയുടെ ലഭ്യതയിലുണ്ടായ കുറവും കാലാവസ്ഥാ വ്യതിയാനവും സംസ്ഥാനത്തെ വരൾച്ചാ ബാധിതമാക്കുന്ന സാഹചര്യത്തിൽ വരൾച്ച നേരിടാൻ ഹ്രസ്വ-ദീർഘകാല പരിപാടികൾ നടപ്പാക്കണം. വനനശീകരണം, പുഴയോരങ്ങളിലെ കയ്യേറ്റം, നിയന്ത്രണമില്ലാത്ത മണൽ വാരൽ, കുന്ന് ഇടിക്കൽ എന്നിവമൂലം കേരളത്തിലെ നദികളിലെ ഒഴുക്ക് തടയപ്പെടുന്നതിനാൽ ജലാശയങ്ങൾ സംരക്ഷിക്കുന്നതിനും മഴവെള്ളം സംഭരിച്ച് സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികൾ തയ്യാറാക്കണം. തേക്ക്, യൂക്കാലി മരങ്ങൾ വച്ചുപിടിപ്പിച്ചത് മഴ കുറയുന്നതിന് കാരണമായതിനാൽ സ്വാഭാവിക വനങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും വന്യജീവി ഭീഷണി തടയുന്നതിനും പരിസ്ഥിതി നശീകരണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. നിയന്ത്രണമില്ലാത്ത വിധത്തിലുള്ള ഭൂമിയുടെ തരം മാറ്റലും വനനശീകരണവും ക്വാറികളുടെ പ്രവർത്തനവും അനധികൃത കെട്ടിട നിർമ്മാണവും

ശാസ്ത്രീയമായി നിയന്ത്രിക്കണം. അന്തർസംസ്ഥാന നദീജല തർക്കങ്ങൾ പരിഹരിച്ച് കേരളത്തിന്റെ ജലസമ്പത്ത് സംരക്ഷിക്കുന്നതിനും കാവേരി നദീജല ട്രൈബ്യൂണലിന്റെ വിധി നടപ്പിലാക്കുന്നതിനും തയ്യാറാകണം. കബനി നദി സംരക്ഷിക്കുന്നതിനും തരംമാറ്റപ്പെട്ട നെൽവയലുകൾ സംരക്ഷിക്കാനും പ്രത്യേക പദ്ധതിക്ക് രൂപം നൽകണം. വയനാട്ടിലെ വിവിധ ജലസേചന-കുടിവെള്ള വിതരണ പദ്ധതികൾ പൂർത്തിയാക്കാനും പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കാനും മഴവെള്ളം സംഭരിക്കുന്നതിനും തടയണകൾ, മൺചിറകൾ എന്നിവ നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുകയും വയനാടിനെ വരൾച്ച ബാധിതമേഖലയായി പ്രഖ്യാപിക്കുകയും ചെയ്യണം. കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്ന കീടനാശിനികൾ, ശൗചാലയങ്ങളിൽ നിന്നുള്ള മലിനജലം, എന്നിവമൂലം ജലസ്രോതസ്സുകൾ മലിനപ്പെടുന്നത് തടയാനുള്ള നടപടിയെടുക്കണം.

<u>ശ്രീ. പി. ടി. തോമസ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മഴവെള്ളം പൂർണ്ണമായും സംഭരിക്കുന്നതിനും ജലസ്രോതസ്സുകൾ മലിനപ്പെടുന്നത് തടയുന്നതിനും നടപടി സ്വീകരിക്കണം. അനിയന്ത്രിതമായ ഭൂഗർഭജല ഉപയോഗം തടയുന്നതിനായി കുഴൽകിണർ നിർമ്മാണത്തിൽ ശക്തമായ നിയന്ത്രണം ഏർപ്പെടുത്തണം. തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളും ജലനിധി പദ്ധതിയും കാര്യക്ഷമമായി നടപ്പാക്കണം. കുപ്പികളിൽ

ലഭ്യമാകുന്ന വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കണം. തൃക്കാക്കര മണ്ഡലത്തിൽ പുതിയതായി അനുമതി ലഭിച്ച കുടിവെള്ള പദ്ധതിക്ക് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനുള്ള സ്ഥലം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ വ്യാപകമായി സ്ഥാപിക്കുന്നതിനും തൃക്കാക്കര കളക്ടറേറ്റിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്താനും സർക്കാർ തയ്യാറാകണം. അന്തർസംസ്ഥാന നദീജല കരാറുകൾ നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഒരു ഉന്നതതല സമിതിക്ക് രൂപം നൽകണം.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നാലുമാസത്തെ ഭരണംകൊണ്ട് ജനഹൃദയങ്ങളിൽ ഇടം നേടിയ എൽ. ഡി. എഫ്. സർക്കാരിന് സമസ്ത മേഖലകളുടെയും വികസനം ലക്ഷ്യമാക്കിയുള്ള ഒട്ടേറെ പദ്ധതികൾക്ക് തുടക്കം കുറിക്കാൻ സാധിച്ചിട്ടുണ്ട്. വെള്ളക്കരം വർദ്ധിപ്പിക്കില്ലെന്ന സർക്കാരിന്റെ പ്രഖ്യാപനം സ്വാഗതാർഹമാണ്. ജലക്ഷാമത്തിന് പരിഹാരം കാണാനായി ബൃഹത് പദ്ധതികൾ ആവിഷ്കരിക്കണം. മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനും ചിറകൾ, കനാലുകൾ, കുളങ്ങൾ, നീരുറവയുള്ള തോടുകൾ എന്നിവ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. അടൂർ മണ്ഡലത്തിൽ കാലഹരണപ്പെട്ട പൈപ്പ്ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനും

രൂക്ഷമായിക്കൊണ്ടിരിക്കുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും പന്തളം കുടിവെള്ള പദ്ധതി കമ്മിഷൻ ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. തീരദേശ ജില്ലയായ നാട്ടികയിൽ ഉപ്പുവെള്ളം കയറി കൃഷിനാശം സംഭവിക്കുന്നത് തടയുന്നതിനായി ആരംഭിച്ച മുനയം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണവും ത്രിതല പഞ്ചായത്തുകൾ, ജലനിധി, ഗ്രൗണ്ട് വാട്ടർ എന്നിവ നടപ്പാക്കുന്ന കുടിവെള്ളപദ്ധതികളും പൂർത്തീകരിക്കുന്നതിന് ഒരു ചെറുകിട ജല അതോറിറ്റി രൂപീകരിക്കുന്നതിന് തയ്യാറാകണം.

<u>ശ്രീ. പി. സി. ജോർജ്</u> : ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വയനാട് ജില്ലയിലെ ഭൂരഹിതർക്കും അരിവാൾ രോഗബാധയുള്ള ആദിവാസികൾക്കും മുൻഗണനകൊടുത്തുകൊണ്ട് ഒരേക്കർ ഭൂമി നൽകുന്ന പദ്ധതി പ്രാവർത്തികമാക്കണം. അന്തർസംസ്ഥാന നദീജലകരാറുകൾ സംബന്ധിച്ച് ഒരു കമ്മിറ്റിയെ നിയോഗിച്ച് കാര്യങ്ങൾ ചർച്ച ചെയ്ത് സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുക്കണം. മുൻസർക്കാരിന്റെ കാലത്ത് നടപ്പാക്കിയ എരുമേലി കുടിവെള്ള പദ്ധതിയിൽനിന്നും ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച് മന്ത്രിതലത്തിൽ ചർച്ച നടത്തി പരിഹാരം കാണണം.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

അഞ്ചുവർഷക്കാലം വെള്ളക്കരം വർദ്ധിപ്പിക്കില്ലെന്നും വാട്ടർ അതോറിറ്റിയെ ലാഭകരമായി പ്രവർത്തിപ്പിക്കുമെന്നുമുള്ള സർക്കാരിന്റെ പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. ശുദ്ധജല ലഭ്യത സംബന്ധിച്ച് 2011-ലെ സെൻസസ് റിപ്പോർട്ടിൽ നിന്നും വ്യത്യസ്തമായ കണക്ക് വാട്ടർ അതോറിറ്റി നൽകിയിരിക്കുന്ന സാഹചര്യത്തിൽ സാമൂഹ്യ ആഡിറ്റിംഗ് നടത്തണം. ജലചൂഷണം തടയുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കുകയും ചെറുകിട കുടിവെള്ള പദ്ധതികളെ സംരക്ഷിക്കുകയും ചെയ്യണം. പാലക്കാട് ജില്ലയിലെ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം ഭാരതപ്പുഴയുടെ തടയണ നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്യണം. കണ്ണാടി, പോത്തുണ്ടി, മംഗലം ഡാം പദ്ധതികൾ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കുളങ്ങളുടെയും നദികളുടെയും നീർച്ചാലുകളുടെയും നവീകരണത്തിനായി കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനും ജലസേചന പദ്ധതികളുടെ കെടുകാര്യസ്ഥത പരിഹരിക്കുന്നതിനും നടപടിയുണ്ടാകണം. ജലസ്രോതസ്സുകളെ വീണ്ടെടുക്കാനുള്ള സർക്കാർ നടപടിയെ അഭിനന്ദിക്കുന്നതോടൊപ്പം മാലിന്യമുക്ത കേരളം പദ്ധതി വിജയകരമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

കാസർഗോഡ് ജില്ല നേരിടുന്ന അതിരൂക്ഷമായ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരം കാണാനും അവിടെ വികസന പ്രവർത്തനങ്ങൾ നടത്താനും തയ്യാറാകണം. വാട്ടർ അതോറിറ്റിയിൽ സ്ഥിരം പമ്പ് ഓപ്പറേറ്റർമാരെ നിയമിക്കാനും പമ്പ് സെറ്റ്, പൈപ്പ് ലൈൻ എന്നിവ റിപ്പയർ ചെയ്യുവർക്കും വാട്ടർ അതോറിറ്റിയുടെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്കും നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കാനും നടപടി സ്വീകരിക്കണം. പൈപ്പ് പൊട്ടലും വിതരണ ശൃംഖലയിലെ തകരാറുംമൂലം കുടിവെള്ളം പാഴായിപ്പോകുന്നത് തടയുന്നതിനും കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും സംവിധാനമുണ്ടാക്കണം. ഭൂമിക്കടിയിലെ പൈപ്പുകളിലെ ചോർച്ച ഭൂമി കുഴിക്കാതെതന്നെ കണ്ടുപിടിക്കാനുള്ള ആധുനിക ജർമ്മൻ സാങ്കേതികവിദ്യ നടപ്പിലാക്കണം. ബാവിക്കര റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണവും കാസർഗോഡ് ജില്ലയിലെ മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികളും പൂർത്തീകരിക്കാൻ നടപടിയുണ്ടാകണം. ജപ്പാൻ കുടിവെള്ള പദ്ധതി, രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, മലപ്പുറം ജില്ലയിലെ ചീക്കോട് കുടിവെള്ള പദ്ധതി എന്നിവയ്ക്കാവശ്യമായ ഫണ്ട് നീക്കിവയ്ക്കാനും തീരദേശത്ത് ഡീസാലിനേഷൻ പദ്ധതി നടപ്പാക്കാനും നടപടിയുണ്ടാകണം. ജലക്രാന്തി അഭിയാൻ, ജലഗ്രാം യോജന എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. ക്ഷേമ പെൻഷൻ വീടുകളിൽ എത്തിക്കാൻ നടപ്പിലാക്കിയ പരിഷ്കാരത്തെ

തുടർന്നുള്ള പരാതികൾക്ക് പരിഹാരമുണ്ടാക്കണം. സർക്കാരിന്റെ ചുരുങ്ങിയ സമയത്തെ ഭരണം സമസ്ത മേഖലകളെയും പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജലവിഭവ വകുപ്പിനെ പുന:സംഘടിപ്പിക്കാൻ നടപടിയുണ്ടാകണം. 2012-13-ൽ 94 കോടി രൂപയും 2015-16-ൽ 69 കോടി രൂപയുമാണ് വകുപ്പ് ആകെ ചെലവഴിച്ചത്. കഴിഞ്ഞ 20 വർഷങ്ങളായി ഒരു പുതിയ പ്രോജക്ട്പോലും ഈ വകുപ്പിന് എടുക്കാൻ സാധിച്ചിട്ടില്ല. കുട്ടനാട് പാക്കേജിന്റെ ഭാഗമായി സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം നേടിയെടുക്കുന്നതിൽ വീഴ്ച വരുത്തിയതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. അന്തർ സംസ്ഥാന നദീജല കരാറുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിരീക്ഷിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും കേരളത്തിന് അവകാശപ്പെട്ട ജലം തമിഴ്നാട് കൊണ്ടുപോകുന്നത് തടയുന്നതിനും നടപടി സ്വീകരിക്കണം. 30 വർഷം കഴിഞ്ഞ നദീജല കരാറുകൾ പുനരവലോകനം ചെയ്യുകയും കേന്ദ്രഗവൺമെന്റിന്റെ പുതിയ നയമനുസരിച്ചുള്ള കേരളത്തിനവകാശപ്പെട്ട പ്രകൃതിവിഭവങ്ങൾ നേടിയെടുക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുകയും ചെയ്യണം.

<u>ഡോ. എൻ. ജയരാജ്</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ മഴയുടെ അളവ് ഓരോ വർഷവും കുറഞ്ഞുവരുന്നതിനാൽ അന്തരീക്ഷത്തിന്റെ ചൂട് 40

ഡിഗ്രിക്ക് മുകളിൽ പോകുകയാണ്. 44 നദികളാൽ ജലസമൃദ്ധമായിരുന്ന സംസ്ഥാനത്ത് ഇന്ന് നീർച്ചാലുകൾ മാത്രമാണുള്ളത്. മണിമലയാർ ഉൾപ്പെടെ കേരളത്തിലെ 14 നദികൾ 2050-ഓടുകൂടി അപ്രത്യക്ഷമാകുകയോ രൂപഭേദം സംഭവിക്കുകയോ ചെയ്യുമെന്നാണ് പഠനങ്ങൾ വെളിപ്പെടുത്തുന്നത്. വനങ്ങൾ സംരക്ഷിക്കുന്നതുപോലെ ജലസ്രോതസ്സുകൾ സംരക്ഷിക്കാനുള്ള നടപടിയുണ്ടാകണം. അനധികൃത മണലൂറ്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ തടയാൻ ഒരു റിവർ പ്രൊട്ടക്ഷൻ ഫോഴ്സ് ആവിഷ്കരിക്കണം. ജപ്പാൻ കുടിവെള്ള പദ്ധതി കോട്ടയം ഉൾപ്പെടെയുള്ള 9 ജില്ലകളിലേക്കുകൂടി വ്യാപിപ്പിക്കണം. റോഡ് റെസ്റ്റൊറേഷനുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി.-യും വാട്ടർ അതോറിറ്റിയും തമ്മിലുള്ള തർക്കങ്ങൾക്ക് പരിഹാരമുണ്ടാക്കണം. ജലധാര പദ്ധതി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തുന്നത് ഉചിതമായിരിക്കും.

<u>ശ്രീമതി വീണാ ജോർജ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കുടിവെള്ള ക്ഷാമം രൂക്ഷമായിരിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. കഴിഞ്ഞ അഞ്ച് വർഷവും ശുദ്ധജലവിതരണം ശരിയായി നടന്നിട്ടില്ലെന്നുമാത്രമല്ല അന്യസംസ്ഥാന ലോബികൾക്കുവേണ്ടി കുട്ടനാട് പാക്കേജിനെ അട്ടിമറിക്കുകയും ചെയ്തു. പതിനായിരക്കണക്കിന് കർഷകരെ കണ്ണീരിലാഴ്ത്തിയവർ റബ്ബർ കർഷകർക്കുവേണ്ടി കണ്ണീരൊഴുക്കുന്ന കാഴ്ചയാണ് ഇപ്പോൾ കാണുന്നത്. ജലവിഭവ വകുപ്പിൽ സമഗ്രമായ

ഒരു മാറ്റം ആവശ്യമാണ്. കഴിഞ്ഞ ഗവൺമെന്റ് 3651 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചുവെങ്കിലും 269 പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. ദേശീയ ജലനയത്തിലെ അപാകതയാണ് ഇന്നത്തെ ജലക്ഷാമത്തിന് കാരണം. എന്റെ മണ്ഡലത്തിലെ നാരങ്ങാനം പഞ്ചായത്തിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. ശാസ്ത്രീയമായ പഠനത്തിന്റെ അഭാവവും അലംഭാവവും അഴിമതിയും ജലവിഭവ വകുപ്പിനെ തകർത്തിരിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളക്കരം കൂട്ടേണ്ടതില്ലെന്നും നിലവിലുള്ള കേടായ പൈപ്പുകൾ മാറ്റി ഗുണമേന്മയുള്ള ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുമെന്നും ഒരു വർഷംകൊണ്ട് ഗാർഹിക കണക്ഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുമെന്നുമുള്ള തീരുമാനമെടുത്തത് സ്വാഗതാർഹമാണ്. ജലഉപഭോഗം തടയുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് രൂപീകരിക്കുന്നതിനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. പാരിസ്ഥിതിക വ്യതിയാനങ്ങളെപ്പറ്റി സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്തി ഭൂഗർഭ ജലവിതാനം സംരക്ഷിക്കാനും ജലസാക്ഷരത നടപ്പിലാക്കാനും ജല ഉപഭോഗവും സംരക്ഷണവും സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്താനും നടപടിയുണ്ടാകണം. വാട്ടർ അതോറിറ്റിയുടെ നവീകരണത്തിനായി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളുടെ സ്കെച്ച് തയ്യാറാക്കി ജനപങ്കാളിത്തത്തോടുകൂടി സോഷ്യൽ ആഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്താനും പമ്പയും അച്ചൻകോവിലാറും

സംയോജിപ്പിച്ചുകൊണ്ടുള്ള ട്വിൻ കല്ലാർ പ്രോജക്ട് സമയബന്ധിതമായി നടപ്പിലാക്കി പത്തനംതിട്ട ഉൾപ്പെടെയുള്ള മുനിസിപ്പാലിറ്റികളിൽ നിലനിൽക്കുന്ന ജലക്ഷാമം പരിഹരിക്കാനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. അനൂപ് ജേക്കബ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം ശുദ്ധജല വിതരണത്തിനായി യാതൊരു പദ്ധതികളും നടപ്പിലാക്കിയില്ലെന്ന പരാമർശം അടിസ്ഥാന രഹിതമാണ്. കേരളത്തിലെ ശുദ്ധജല ദൗർലഭ്യത്തിന് ശാശ്വതപരിഹാരം കാണുന്നതിന് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. കനാലുകളുടെ നിർമ്മാണ/അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കാനും കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി ശുദ്ധജലം പാഴായിപ്പോകുന്നത് തടയാനും സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കണം.

ശ്രീ. മുല്ലക്കര രത്നാകരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജലസാക്ഷരത നടപ്പിലാക്കുകയും നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പുഴകളും കുളങ്ങളും അരുവികളും സംരക്ഷിക്കുകയും ശുദ്ധജലം വീണ്ടെടുക്കുകയും ചെയ്യുകയെന്നത് എൽ.ഡി.എഫ്. സർക്കാരിന്റെ ഒരു കർമ്മപദ്ധതിയാണ്. ജലസ്രോതസ്സുകളും വയലുകളും ഇല്ലാതാക്കിക്കൊണ്ടുള്ള വികസനപ്രവർത്തനങ്ങൾ തടയുന്നതിനും കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജലനയത്തിൽ ഉൾപ്പെടുത്തി

നെൽകർഷകർക്ക് പ്രത്യേക അലവൻസ് നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ഭാരതപ്പുഴ, പെരിയാർ അടക്കമുള്ള നദികളിലെ ജലം ശുദ്ധമാക്കുന്നതിനും ഒഴുക്ക് നിലനിർത്തുന്നതിനും നദീതീരങ്ങളിൽ പരമ്പരാഗത വൃക്ഷങ്ങളും ചെടികളും നട്ടുവളർത്തുന്നതിനെപ്പറ്റി വാട്ടർ അതോറിറ്റിയും ഇറിഗേഷൻ വകുപ്പും പ്രത്യേക പരിശോധന നടത്തി കർമ്മപദ്ധതികൾ ആവിഷ്കരിക്കണം. ജലസാക്ഷരതാ പദ്ധതി ആവിഷ്കരിച്ച് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനും തോടുകളുടെയും കുളങ്ങളുടെയും കാവുകളുടെയും പരിപാലനത്തിനും നദീജല സംരക്ഷണത്തിനുമായി നിയമനിർമ്മാണം നടത്താനും തയ്യാറാകണം. ജപ്പാൻ കുടിവെള്ള പദ്ധതിയിൽ വെളിനല്ലൂരിനെ കൂടി ഉൾപ്പെടുത്താനും കുളത്തൂപ്പുഴ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അടിയന്തരമായി യോഗം വിളിച്ചുചേർക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. അൻവർ സാദത്ത്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജലവിഭവ വകുപ്പ് പൊതുസമൂഹത്തിന് ഗുണം ചെയ്യുന്ന ഒട്ടനവധി മാതൃകാപരമായ പ്രവർത്തനങ്ങളുമായാണ് മുന്നോട്ടുപോയത്. വരുംവർഷങ്ങളിൽ ജലത്തിനായി യുദ്ധം ചെയ്യേണ്ടി വരുമോ എന്ന് ഭയപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. ജലലഭ്യത ഉറപ്പുവരുത്താൻ ഭരണനേതൃത്വത്തിന്റെ ഇടപെടൽ അനിവാര്യമാണ്. ഭൂഗർഭജല ലഭ്യതയും നദികളിലേയ്ക്കുള്ള നീരൊഴുക്കും

ക്രമാതീതമായ തോതിൽ കുറഞ്ഞുവരുന്നത് നിയന്ത്രിക്കുന്നതിന് ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തണം. കേരളത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പ്രകൃതിദത്ത ജലസ്രോതസ്സുകളെ സംരക്ഷിക്കണം. ചെങ്ങൽ തോട് മലിനീകരണമുക്തമാക്കി നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനും അതിനെ സംരക്ഷിച്ചുകൊണ്ട് സോളാർ പാനൽ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കാരാട്ട് റസാഖ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജല ലഭ്യതയാൽ സമ്പന്നമായ കേരളത്തിലെ ജലസ്രോതസ്സുകളെല്ലാം രൂക്ഷമായ പരിസ്ഥിതി സമ്മർദ്ദത്താൽ നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. കൊതുകു വളർത്തൽ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്ന നദികളും കുളങ്ങളും പരിപാലിക്കുകയും ജലലഭ്യത ഉറപ്പുവരുത്തുകയും വേണം. നഗര-ഗ്രാമ പ്രദേശങ്ങളിലെ അരുവികളും കുളങ്ങളും നീർച്ചാലുകളും പരിപാലിച്ച് മഴക്കാല കെടുതികൾക്ക് പരിഹാരം കാണണം. ജനങ്ങൾ കുടിനീരിനായി കുപ്പിവെള്ളത്തെ ആശ്രയിക്കേണ്ട ഗതികേടിലാണ്. മണ്ണും ജലവും പ്രാണവായുവുമുൾപ്പെടെ എല്ലാം മലിനമായിക്കൊണ്ടിരിക്കുകയാണ്. നഗരവൽക്കരണമാണ് മാലിന്യ പ്രശ്നത്തിന്റെ രൂക്ഷതയ്ക്ക് പ്രധാന കാരണം. തീർത്ഥാടന കേന്ദ്രങ്ങളിലടക്കം ശുചീകരണ സംവിധാനം കാര്യക്ഷമമാക്കാനും പ്ലാസ്റ്റിക് നിരോധനം നിർബന്ധമാക്കാനും നടപടി സ്വീകരിക്കണം. ജലനിധി പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കാൻ

സാധിക്കാത്ത പഞ്ചായത്തുകളിൽ പുതിയ പദ്ധതി കൊണ്ടുവരുന്നതിനും പൈപ്പ് ലൈൻ പൊട്ടി ജലനഷ്ടമുണ്ടാകാതിരിക്കാൻ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനും നടപടി സ്വീകരിക്കണം. 100 ദിവസങ്ങൾക്കകം 533 ലക്ഷം രൂപയുടെ പദ്ധതി പൂർത്തീകരിച്ചതും 2017 മാർച്ച് മാസത്തോടെ പുതുതായി 23 ജലവിതരണ പദ്ധതികൾ നടപ്പിലാക്കുമെന്ന പ്രഖ്യാപനവും 2000 കോടി രൂപ ചെലവഴിച്ച് സംസ്ഥാനത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നടത്തുന്ന ശ്രമങ്ങളും അഭിനന്ദനാർഹമായ കാര്യങ്ങളാണ്.

<u>ശ്രീ. എം. ഉമ്മർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സാമ്പത്തിക വർഷം DRIP-ന് (Dam Rehabilitation and Improvement Project) 40 കോടി രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. ചെലവഴിച്ച പദ്ധതികൾക്കും ചെലവഴിക്കാത്ത പദ്ധതികൾക്കും ഒരുപോലെ പണം അനുവദിച്ചിരിക്കുന്നത് ആശാസ്യകരമല്ല. കുപ്പിവെള്ളത്തിന്റെ ക്വാളിറ്റി പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തണം. പകർച്ചവ്യാധികൾ തടയുന്നതിനും വരൾച്ച നേരിടുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. കേരളത്തിന്റെ വെള്ളം ചോർത്തി കൊണ്ടുപോകുന്നത് തടയുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. മുകേഷ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജലസംരക്ഷണവും ജലവിനിയോഗവും പൂർണ്ണ ഉത്തരവാദിത്വത്തോടെ നിറവേറ്റുന്ന ജലവിഭവ വകുപ്പിന്റെ

പ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്. ജലസ്രോതസ്സുകളെല്ലാം ഇന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുന്നതിനാൽ അവയെ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. മണൽലോബിയുടെ കടന്നുകയറ്റവും മണൽഖനനവും മണ്ണൊലിപ്പും ശാസ്താംകോട്ട കായലിന്റെ നിലനിൽപ്പിനെ അപകടപ്പെടുത്തിയിരിക്കുന്നതിനാൽ ഫലപ്രദമായ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തണം. കൊല്ലം നഗരസഭാ പ്രദേശത്തെയും സമീപ പഞ്ചായത്തുകളിലെയും കുടിവെള്ള വിതരണത്തിനായി ബദൽ സ്രോതസ്സുകൾ കണ്ടെത്തി പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനും കല്ലടയാറ്റിൽ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനും കടപുഴയിൽ കിണർ നിർമ്മിക്കേണ്ട സ്ഥലം സംബന്ധിച്ച് നിലവിലുള്ള കേസ്സിൽ ഫലപ്രദമായ ഇടപെടൽ നടത്തുന്നതിനും ഞാങ്കടവ് സ്രോതസ്സാക്കി വിഭാവന ചെയ്യുന്ന പദ്ധതിയുടെ രൂപീകരണം ത്വരിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കണം. മഴവെള്ളം സംഭരിക്കാൻ സംവിധാനമില്ലാത്തതും ജലം ദുർവ്യയം ചെയ്യുന്നതും കടുത്ത കുടിവെള്ള ക്ഷാമത്തിലേയ്ക്ക് കേരളത്തെ നയിക്കും. ജീവിതരീതിയിലുണ്ടായ മാറ്റം കുടിവെള്ളം പാഴാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ജലസംരക്ഷണത്തിനായി ദ്രുതഗതിയിലുള്ള നടപടികളുമായി മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. വെള്ളക്കരം വർദ്ധിപ്പിക്കാതെ കേരള വാട്ടർ അതോറിറ്റിയെ

ലാഭകരമായ ഒരു സ്ഥാപനമാക്കി മാറ്റുന്നതിനുള്ള കർമ്മപരിപാടികളാണ് ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളാനും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമാക്കി മാറ്റാനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. വെള്ളത്തിന്റെ ദുർവ്യയം ഒഴിവാക്കുന്നതും ജലച്ചോർച്ച തടയുന്നതുമുൾപ്പെടെ പഴക്കംചെന്ന പൈപ്പുകളും പമ്പുകളും മാറ്റിസ്ഥാപിക്കാനും ചെറിയ മുതൽമുടക്കുള്ള പദ്ധതികൾ പൂർത്തീകരിക്കാനും ജലസ്രോതസ്സുകൾ സംരക്ഷിക്കാനും ഉല്പാദന വിതരണ മേഖലകൾ ശക്തിപ്പെടുത്താനും കുടിവെള്ളത്തിന്റ ഗുണനിലവാരം ഉയർത്താനും വാട്ടർ അതോറിറ്റിയെയും ജലസേചന വകുപ്പിനെയും ശക്തിപ്പെടുത്താനും നവീകരിക്കാനുമുള്ള നിർദ്ദേശങ്ങൾ അഭിനന്ദനാർഹമാണ്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ശുദ്ധജലത്തിനായി കിണറുകളെ ആശ്രയിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. കിണറുകളിലെ ജലനിരപ്പ് ക്രമാതീതമായി താഴ്ന്നുപോകുന്ന ഒരവസ്ഥയാണ് ഇന്നുള്ളത്. കെട്ടിടസമുച്ചയങ്ങൾക്കും ഫ്ലാറ്റുകൾക്കും ആവശ്യമായ വെള്ളം മഴവെള്ള സംഭരണത്തിലൂടെ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കണം. വാട്ടർ അതോറിറ്റിയുടെ 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളാൻ

എടുത്ത തീരുമാനം സ്വാഗതാർഹമാണ്. നദികളും തോടുകളും കയ്യേറുന്നതിനും മലിനപ്പെടുത്തുന്നതിനുമെതിരെ കർശന നടപടിയുണ്ടാകണം. 2006-ൽ ആരംഭിച്ച ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിർമ്മാണപ്രവർത്തനം അടിയന്തരമായി പൂർത്തീകരിക്കണം. അന്തർസംസ്ഥാന നദീജല തർക്കങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. പമ്പ് ചെയ്യപ്പെടുന്ന മുഴുവൻ വെള്ളവും മീറ്റർ ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഭൂഗർഭജലത്തിന്റെ തോത് നിയന്ത്രിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാകണം. അശാസ്ത്രീയമായ കുഴൽക്കിണർ നിർമ്മാണം തടയണം. മലിനജലം തോടുകളിലും കുളങ്ങളിലും ഒഴുക്കി വിടുന്നത് തടയുന്നതിന് നിയമനടപടികളുണ്ടാകണം. കക്കൂസ് മാലിന്യം ശരിയായ രീതിയിൽ സംസ്കരിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും ഏർപ്പെടുത്തണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. രൂക്ഷമായ വരൾച്ചയെ നേരിടുന്നതിനാവശ്യമായ ഒരു നടപടിയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. ഭൂഗർഭജലത്തിന്റെ തോത് താഴ്ന്നിരിക്കുന്നത് സംബന്ധിച്ച് മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുന്നില്ല. സംസ്ഥാനത്തെ ഒരു നദിയിലും ശുദ്ധജലം ലഭ്യമല്ലെന്നാണ് മലിനീകരണ ബോർഡ് കണ്ടെത്തിയിരിക്കുന്നത്. മലിനജലം ഉപയോഗിക്കുന്നതുമൂലം ജനങ്ങൾ പലവിധ രോഗങ്ങൾക്ക്

അടിമപ്പെടുകയാണ്. മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള ശാസ്ത്രീയമായ സംവിധാനങ്ങൾ കൊണ്ടുവരുന്നതിനുള്ള പരിശ്രമമുണ്ടാകണം. അന്തർ സംസ്ഥാന നദീജല കരാറുകൾ സംസ്ഥാനത്തിന്റെ താല്പര്യത്തിനനുസൃതമായി പുതുക്കുന്നതിനുള്ള നടപടികളുണ്ടാകണം. കാവേരി പ്രശ്നത്തിൽ കേരളത്തിനർഹതപ്പെട്ട വെള്ളം ഉപയോഗിക്കുന്നതിനും ശുദ്ധജലവിതരണവുമായി ബന്ധപ്പെട്ട പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും വേണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): ചർച്ചയിൽ പങ്കെടുത്ത് വിലപ്പെട്ട നിർദ്ദേശങ്ങൾ മുന്നോട്ടുവച്ച അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും കൃഷിക്കായി ജലസേചനം കാര്യക്ഷമമാക്കുന്നതിനും ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനും ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുമുള്ള പദ്ധതികൾക്ക് രൂപം നൽകാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. അന്തർസംസ്ഥാന നദീജല കരാറുകൾ കാലോചിതമായി പുനഃസംവിധാനം ചെയ്യുന്നതിനും കരാർ പ്രകാരം ലഭിക്കേണ്ട ജലം ഉറപ്പുവരുത്തുന്നതിനുമുള്ള പരിശ്രമങ്ങൾ നടത്തുന്നതാണ്. വെള്ളക്കരം വർദ്ധിപ്പിക്കാതെ അഞ്ച് വർഷത്തിനുള്ളിൽ ജല അതോറിറ്റിയെ ലാഭകരമായ സ്ഥാപനമാക്കുമെന്ന ബഡ്ജറ്റ്

പ്രസംഗത്തിലെ വാഗ്ദാനം നടപ്പിലാക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. കൂടുതൽ ചെറുകിട ജലസേചന പദ്ധതികൾ കൊണ്ടുവരുന്നതിനും ജലസ്രോതസ്സുകളെ ശുദ്ധീകരിച്ച് സംരക്ഷിക്കുന്നതിനുമുള്ള സമീപനമാണ് സ്വീകരിക്കുന്നത്. ഭൂഗർഭ ജലം ഊറ്റിയെടുക്കുന്ന സമീപനത്തിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. ജലനിധി പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി ഭൂഗർഭ ജലസംരക്ഷണം ഉറപ്പുവരുത്തും. ജലഅതോറിറ്റി മുഖേന സംസ്ഥാനത്തെ 50 ശതമാനം ജനങ്ങൾക്ക് ശുദ്ധജല വിതരണം നടത്തുന്നുണ്ട്. ശുദ്ധീകരണശാലകൾ പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതി പൂർത്തിയാക്കിയാലും ബാക്കിവരുന്ന പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ശുദ്ധീകരിച്ച വെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും നിലവിലുള്ള പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനുമായി 1267.3 കോടി രൂപയുടെ 3 പ്രോജക്ടുകൾ തയ്യാറാക്കുകയും അന്തിമഘട്ടത്തിലുള്ള 9 പദ്ധതികളുടെ പൂർത്തീകരണത്തിനായി 169.8 കോടി രൂപ മാറ്റിവച്ചിട്ടുമുണ്ട്. നഗരങ്ങളിലെ ജലവിതരണത്തിനായി 'അമൃത് ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. രൂക്ഷമായ വരൾച്ച നേരിടുന്നതിനായി ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ സ്രോതസ്സുകളിൽ തടയണകളും നീർച്ചാലുകളും നിർമ്മിക്കുന്നതിനും നീരൊഴുക്ക് കുറവുള്ള നദികളിൽ ചാക്കുപയോഗിച്ച് താൽക്കാലിക തടയണകൾ

നിർമ്മിക്കുന്നതിനും കിണറുകളിലെ മണ്ണും ചെളിയും നീക്കം ചെയ്ത് പമ്പിംഗ്സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ്ലൈനുകൾ ദീർഘിപ്പിക്കാനും പഴക്കംചെന്ന പൈപ്പ്ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പമ്പുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയും സ്റ്റാൻഡ്ബൈ പമ്പുസെറ്റുകൾ സ്ഥാപിച്ചും പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. മുടങ്ങിക്കിടക്കുന്ന ജലവിതരണപദ്ധതികൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കും. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന കർശനമാക്കാനും ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കിയോസ്കുകൾ സ്ഥാപിക്കാനും നടപടി സ്വീകരിക്കും. ജലഅതോറിറ്റിയെ ശക്തിപ്പെടുത്താനായി കാലപ്പഴക്കംചെന്ന പൈപ്പ്ലൈനുകൾ മാറ്റി ഗുണനിലവാരമുള്ളവ സ്ഥാപിക്കുന്നതിനായി 'കിഫ്ബി' പദ്ധതിയിൽ 525 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പൈപ്പുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള 'ബ്ലൂ ബ്രിഗേഡ്' സംവിധാനം ശക്തിപ്പെടുത്തുന്നതിനും അരിയർ ബില്ലുകൾ പിരിച്ചെടുക്കുന്നതിന് പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്താനും

ഏപ്രിൽ മാസത്തോടെ ജലഅതോറിറ്റിയുടെ കുപ്പിവെള്ളം മികച്ച ഗുണനിലവാരത്തോടെ മിതമായ വിലയ്ക്ക് വിപണിയിൽ എത്തിക്കുന്നതിനും പുതിയ കണക്ഷനുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും ശുദ്ധീകരണശാലകളോടുകൂടിയ ശുദ്ധജല വിതരണപദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നുണ്ട്. കിഫ്ബി മുഖേന നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ള എല്ലാ പദ്ധതികളും നടപ്പിലാക്കുന്നതാണ്. കുളങ്ങളുടെ പുനരുദ്ധാരണം 'ഹരിത കേരളം' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. പാമ്പാർ നദിയിലെ പട്ടിശ്ശേരിയിൽ ഒരു ഡാമിന്റെ നിർമ്മാണമാരംഭിക്കുകയും വട്ടവട സ്കീമിന്റെ ഇൻവെസ്റ്റിഗേഷൻ ജോലികൾ നടന്നുവരികയുമാണ്. ഭവാനി നദിയിൽ തടയണ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. ടാങ്കർ ലോറികളിൽ കുഴൽക്കിണറുകളിൽനിന്നും വെള്ളം പമ്പുചെയ്യുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിന്മേൽ സ്റ്റോപ് മെമ്മോ നൽകിയിട്ടുണ്ട്. തൃക്കാക്കര നോട്ടിഫൈഡ് പ്രദേശമായി വിജ്ഞാപനം ചെയ്തിട്ടില്ലാത്തതിനാൽ കുഴൽക്കിണർ നിർമ്മാണത്തിന് നിയന്ത്രണമേർപ്പെടുത്താൻ വ്യവസ്ഥയില്ലാത്തതുകൊണ്ട് പ്രസ്തുത വിഷയം പരിശോധിച്ച് തുടർ നടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്. മുനയത്ത്

റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കുകയും 'മംഗളം' പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 'കണ്ണാടി' ശുദ്ധജല വിതരണപദ്ധതി 2017 മാർച്ചിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കാസർഗോഡ് നഗരത്തിലെ ജലപ്രശ്നം പരിഹരിക്കുന്നതിന് 60 കോടി രൂപ മതിപ്പുചെലവുവരുന്ന പദ്ധതി കിഫ്ബി-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാവിക്കര തടയണ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പറമ്പിക്കുളം-ആളിയാർ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അഭാവം പരിഹരിക്കുന്നതിനും നാരങ്ങാനം പഞ്ചായത്തിലെ കുടിവെള്ള വാൽവിന്റെ നിയന്ത്രണം ജല അതോറിറ്റി ജീവനക്കാരെ ഏൽപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. അച്ചൻകോവിലാറിലെ ജലമുപയോഗിച്ച് പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ ജലക്ഷാമം പരിഹരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കല്ലട-കടപുഴ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൊല്ലം നഗരത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കിഫ്ബി ഫണ്ടിംഗിലൂടെ 230

കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്. സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടാതെ തോടുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കാൻ പരമാവധി ശ്രമിക്കുന്നതാണ്. ഉഭയസമ്മതപ്രകാരം നിലവിലുള്ള അന്തർ സംസ്ഥാന നദീജല കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 38-നെതിരെ 76 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 03.32-ന് പിരിഞ്ഞു.)

* * * * * * * * * *